# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4750** — **27-06-2014 ൽ മറുപടിയ്ക്ക്**

### നെൽവയലുകളുടെ ശോഷണം

| **ചോദ്യം** | **മറുപടി** |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽവയലുകൾ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥയെ എപ്രകാരം മറികടക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2008 ലെ നെൽവയൽ തണ്ണീർത്തട ആക്ട് അനുസരിച്ച് നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതും പരിവർത്തനം ചെയ്യുന്നതും വിലക്കിയിട്ടുണ്ട്. ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതികൾ സംസ്ഥാനത്ത് സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കർഷകരെ നെൽകൃഷിയിലേക്ക് കൊണ്ടുവരുന്നതിനായി വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 2014-2015 വർഷം 3352 ലക്ഷം രൂപയുടെ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽ ക്കർഷകരെ സഹായിക്കു ന്നതിന് നടപ്പ സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ്? | (ബി) | നടപ്പ് സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം 180000 ഹെക്ടറിലേയ്ക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസന ത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വക യിരുത്തി നാളിതുവരെ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 232.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ,കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ